LIBRARY ARCHIVES Kerala Legislative Assembly

ടൈഗർ റിസർവിലുൾപ്പെട്ട പമ്പാവാലി പ്രദേശത്തുള്ള 904 പേർക്ക് പട്ടയം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പട്ടയങ്ങൾക്ക് നിയമസാധുതയില്ലാത്തതിനാൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1980 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കേന്ദ്രാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1980 പ്രാബല്യത്തിൽ വന്നതിനുശേഷം എല്ലാ വനഭൂമിയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ അനുമതിയോടുകൂടി ഡീറിസർവ് ചെയ്തതിനുശേഷം ടി പ്രദേശങ്ങളിൽ കൈവശക്കാർക്ക് പട്ടയം നൽകാൻ സാധിക്കും. പുതുതായി സംയുക്ത പരിശോധന നടത്താതെതന്നെ മുൻകാലത്ത് നൽകിയിട്ടുള്ള സംയുക്ത പരിശോധനാ വിവരങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുന്ന കാര്യമുൾപ്പെടെ പരിഗണിച്ചുകൊണ്ട് ഭൂമിയുടെ കൈവശക്കാരായ കർഷകർക്ക് കാലതാമസം കൂടാതെ പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു സംയുക്ത യോഗം വിളിച്ചുചേർത്ത് നടപടികൾ വേഗത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(6) റെഗുലേറ്ററുകളുടെ പുനർനിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: സർ, തൃശ്ശൂർ ജില്ലയിലെ മുപ്പതിനായിരം ഏക്കർ കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറാതെ കൃഷി സംരക്ഷിക്കാനും മഴക്കാലത്ത് വരുന്ന അധികജലം പുറത്തുവിട്ട് വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനുമാവശ്യമായ വിധത്തിൽ 1957-ൽ പ്രഥമ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നിർമ്മിച്ച ഏനാമാക്കൽ റെഗുലേറ്റർ, ഇ. കെ. നായനാർ സർക്കാരിന്റെ കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട ഇടിയഞ്ഞിറ റെഗുലേറ്റർ എന്നീ രണ്ട് റെഗുലേറ്ററുകളും കാലപ്പഴക്കംമൂലം പ്രവർത്തനക്ഷമമല്ലാതായിരിക്കുകയാണ്. ഇതുമൂലം ലക്ഷങ്ങൾ ചെലവഴിച്ച് ഓരോ വർഷവും ഈ റെഗുലേറ്ററിനുമുന്നിൽ താൽക്കാലിക ബണ്ട് നിർമ്മിച്ചാണ് കൃഷി സംരക്ഷിച്ചുവരുന്നത്. 2018-ലെ പ്രളയജലം പുറത്ത് വിടാൻതന്നെ വളരെയധികം പ്രയാസം നേരിട്ട സ്ഥിതി വിശേഷമുണ്ടായി. അതുണ്ടാക്കിയ പ്രശ്നങ്ങൾ നിരവധിയാണ്. ഇതിന് പരിഹാരമായിട്ടാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലഘട്ടത്തിൽ RKI (Rebuild Kerala Initiative-ലൂൾപ്പെടുത്തിക്കൊണ്ട് രണ്ട് റെഗുലേറ്ററുകളുടെയും പുനർനിർമ്മാണത്തിനാവശ്യമായ 11.78 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത്. എന്നാൽ നാളിതുവരെയായിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കാലവർഷം കഴിഞ്ഞ് ജലനിരപ്പ് താഴുന്ന മുറയ്ക്ക് പ്രവർത്തനമാരംഭിക്കാൻ കഴിയുന്നില്ലെങ്കിൽ ഒരു വർഷംകൂടി നഷ്ടപ്പെടും. അതുണ്ടാക്കുന്ന നഷ്ടം വളരെ വലുതാണ്. യന്ത്രവൽകൃത യുഗത്തിൽ മോട്ടോർ സംവിധാനത്തോടുകൂടിയുള്ള

ഷട്ടറുകളുടെ പുനർനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടിയെടുക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇത് മണലൂർ മണ്ഡലത്തിലെ മാത്രം പ്രശ്നമല്ല, തൃശ്ശൂർ ജില്ലയിൽ മൊത്തത്തിൽ വരുന്ന പ്രശ്നമാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം മുരളി പെരുനെല്ലി ഉന്നയിച്ച ഈ വിഷയം അതീവ ഗൗരവമുള്ളതാണ്. കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും വർഷകാലത്ത് അധികജലം പുറത്തേയ്ക്ക് വിടുന്നതിനുംവേണ്ടി നിർമ്മിച്ചിട്ടുള്ള ഈ റെഗുലേറ്ററുകൾ കാലപ്പഴക്കം വന്നതിനാൽ പ്രവർത്തനക്ഷമമല്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഇതിന്റെ പശ്ചാത്തലത്തിലാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ഈ കാര്യങ്ങൾക്കുവേണ്ടിയുള്ള ഫണ്ട് അനുവദിക്കപ്പെട്ടത്. തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണ പ്രവർത്തനത്തിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി മെക്കാനിക്കൽ, സിവിൽ പ്രവൃത്തികൾക്കായി യഥാക്രമം 6.46 കോടി രൂപയുടെയും 5.32 കോടി രൂപയുടെയും ഭരണാനുമതി നൽകി. ഏനാമാക്കൽ റെഗുലേറ്ററിന്റെ പ്രവൃത്തി മൂന്ന് തവണ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണം ലഭിക്കാത്തതിനാൽ 2-8-2021-ന് ടെണ്ടർ തുറക്കത്തക്ക വിധത്തിൽ നാലാം തവണയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിയുടെ നിർമ്മാണ കരാറിൽ ഏർപ്പെട്ടതിനുശേഷം പൊഴിയിൽ ജലനിരപ്പ് കുറഞ്ഞ് അനുകൂല സാഹചര്യമുണ്ടാകുമ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടെണ്ടറുകൾ ഏറ്റെടുക്കാൻ കഴിയാതെ വരുന്ന ഒരു സ്ഥിതിവിശേഷമുണ്ടെന്നതാണ് ഇവിടെ കാണുന്ന പ്രധാന വിഷയം. എന്നാൽ ആവശ്യമായ ഭരണാനുമതിയും സാങ്കേതിക പരിശോധനകളുമെല്ലാം പൂർത്തീകരിക്കാൻ സാധിച്ചു. ഇന്നത്തെ കാലഘട്ടത്തിൽ ഷട്ടറുകൾ തുറക്കുന്നതിന് മോട്ടോർ ഉപയോഗിച്ചുള്ള സംവിധാനം അനിവാര്യമാണ്. ഇനി ടെണ്ടർ നടപടികളിലേയ്ക്ക് പോകാൻ താമസമുണ്ടാകുകയും ആരും ടെണ്ടറെടുക്കാത്ത സാഹചര്യം സംജാതമാകുകയും ചെയ്താൽ ഇതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് മറ്റ് ഇതര മാർഗ്ഗമെന്തൊണെന്നുള്ളത് ഗവൺമെന്റ് ആലോചിക്കും. ടെണ്ടർ നടപടി സ്വീകരിക്കുകയും ഭരണാനുമതി കൊടുക്കുകയും ചെയ്തുകഴിഞ്ഞാൽ ഇത്രത്തോളം കാലതാമസമുണ്ടാകുന്ന നടപടികൾ ഒരിക്കലും സ്വീകരിക്കാൻ കഴിയുന്നതല്ല. ആൾട്ടർനേറ്റീവായ നടപടികൾ സ്വീകരിച്ച് ഈ കാലവർഷം തീരുന്ന മുറയ്ക്ക് അവിടെ ഈ പ്രവൃത്തികൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly